# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1013 — 14.06.2012–ലെ മറുപടിക്ക്

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ

**ചോദ്യം**

ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ശ്രീരാമകൃഷ്ണൻ :

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഈ വിദ്യാഭ്യാസ വർഷത്തെ അഡ്മിഷൻ സംബന്ധിച്ച് സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെല്ലാമാണ് കരാറിൽ ഒപ്പുവച്ചിട്ടുള്ളത്; ഒപ്പുവച്ചവർക്ക് എത്ര കോളേജുകൾ ഉണ്ട് ; ഇനിയും കരാറിൽ ഒപ്പുവയ്ക്കാത്തവർ ആരൊക്കെയാണ് ; അവർക്ക് എത്ര കോളേജുകൾ ഉണ്ട് ;

**(എ) & (ബി)**

ഈ വർഷത്തെ മെഡിക്കൽ അഡ്മിഷൻ സംബന്ധിച്ച് കേരള ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള 4 കോളേജുകളും കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള 8 കോളേജുകളും കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. എം.ഇ.എസ്. മെഡിക്കൽ കോളേജ് പെരിന്തൽമണ്ണ, കണ്ണൂർ മെഡിക്കൽ കോളേജ് കണ്ണൂർ, കരുണ മെഡിക്കൽ കോളേജ് , പാലക്കാട് എന്നീ സ്ഥാപനങ്ങൾ കരാറിൽ ഒപ്പുവച്ചിട്ടില്ല.

(സി) കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ് ; എല്ലാ സ്വാശ്രയ കോളേജുകളിലുമായി ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുകൾ വീതം ഉണ്ട് ; ഈ വർഷം എഗ്രിമെന്റ് പ്രകാരം ലഭിക്കുന്ന സർക്കാർ സീറ്റുകൾ എത്ര ; ഇത് മൊത്തം സീറ്റുകളുടെ എത്ര ശതമാനം വരും ;

(ഡി) കഴിഞ്ഞ വർഷത്തേതിൽ നിന്ന് എത്ര സർക്കാർ സീറ്റുകൾ വീതം വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ഇ) ഫീസ് ഉൾപ്പെടെ ഏതെല്ലാം ഇനത്തിൽ എത്രകണ്ട് വർദ്ധനവാണ് ഈ വർഷം വരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

**(സി), (ഡി) & (ഇ)**

കരാർ ഒപ്പുവച്ച 12 സ്വാശ്രയമെഡിക്കൽ കോളേജുകളിലുമായി 1300 എം.ബി.ബി.എസ്. സീറ്റുകളാണുള്ളത്. കരാർ അനുസരിച്ച് ഇതിന്റെ 50% സീറ്റുകൾ സർക്കാർ മെരിറ്റിലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതാണ്. കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിലെ 50% സർക്കാർ സീറ്റുകളിലേക്കും കേരള ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ്

ഫെഡറേഷന്റെ കീഴിലുള്ള കോളേജുകളിലെ
50% സീറ്റുകളിലേക്കുമുള്ള പ്രവേശനം
സംബന്ധിച്ചുള്ള കരാറിന്റെ
അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള
ഉത്തരവുകളുടെ പകർപ്പുകൾ
അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്